## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 507

07.01.2014-ൽ മറുപടിക്ക്

**അടൂർ മണ്ഡലത്തിലെ 'ധാര' പദ്ധതി**

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ :

(എ) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അടൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ടായിരുന്ന 'ധാര' പദ്ധതി ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ, ഈ പദ്ധതിയുടെ പരിധിയിൽ മണ്ഡലത്തിലുള്ള ഏതെല്ലാം സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിവരം, സംഘങ്ങളുടെ പേരും ലഭ്യമാക്കിയ സേവനങ്ങളും കടത്തിന്റെ വിവരങ്ങളും സഹിതം വിശദമാക്കുമോ?

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി)

(എ) & (ബി) അടൂർ താലൂക്ക് ഉൾപ്പെടെ സംസ്ഥാനത്തുള്ള 16 താലൂക്കുകളിലെ എല്ലാ തലങ്ങളിലുമുള്ള സഹകരണസംഘങ്ങളെയും ധാര പദ്ധതി പ്രകാരം പുനരുദ്ധരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിന്റെ ഭാഗമായി ധാര പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് ഉപധനാഭ്യർത്ഥന മുഖേന ലഭിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള 10 കോടി രൂപ ലഭിക്കുന്ന മുറയ്ക്ക് അടൂർ താലൂക്കിലെ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ